(iii) UNSTARRED QUESTIONS AND ANSWERS

ജലവിതരണസംഘം പ്രസിഡൻറിന്റെ നിവേദനം

49 [877] ശ്രീ. എം. എം. തോമസ് ; താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും സഹകരണവും മന്ത്രി സഭയം മറുപടി നൽകുമോ :

(എ) ആലുവാ താലൂക്കിൽ മാണിക്കമംഗലം വില്ലേജിൽ പിരരൂർ ജലവിതരണസംഘം പ്രസിഡൻറിന്റെ പക്കൽനിന്നും നഷ്ടപരിഹാരത്തിനു എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) അനേക കൊല്ലത്തെ പഴക്കമുള്ള ഇക്കാര്യത്തിൽ സർക്കാരിൽ നിന്നു അടിയന്തിരമായും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല; ആലുവാ താലൂക്കിൽ പിരരൂർ ജലവിതരണ സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണസംഘം പ്രവർത്തിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. എം. അബൂബേക്കർ : മറ്റു സഭാ നടപടികളിലേക്ക് കടക്കുന്നതിനു മുൻപ് എനിക്ക് ഒരു കാര്യം പറയാനുണ്ട്. എന്റെ 9 a.m. കക്ഷിയിൽപ്പെട്ട ശ്രീ. ഇ. അഹമ്മദിനെ സമീപിച്ചുകൊണ്ട്

ശ്രീ. വെല്ലിംഗ്ടൺ, താൻ കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കസർക്കുകയാണ്, സൂക്ഷിച്ചുകൊള്ളണമെന്നു പറഞ്ഞ് താക്കീതു ചെയ്യുകയുണ്ടായി. അരോഗദൃഢഗാത്രനും ആജാനുബാഹുവുമായ ശ്രീ. വെല്ലിംഗ്ടണിൽനിന്ന് ഇത്തരത്തിലുള്ള ഒരു പെരുമാറ്റമുണ്ടായത്, കൃശഗാത്രനായ ശ്രീ. അഹമ്മദിനെ സംബന്ധിച്ചിടത്തോളം വളരെയധികം വേദനാജനകമാണ്. ഇത് ഇന്നു കാലത്ത് നിയമസഭയ്ക്കകത്തുവച്ച് നടന്നതാണ്. ഇത്തരത്തിലുള്ള പെരുമാറ്റത്തിന് അറുതി വരുത്തുന്നില്ലെങ്കിൽ അതിന് അറുതി വരുത്തുന്ന കാര്യം ഞങ്ങൾ ആലോചിക്കേണ്ടിവരുമെന്ന് പറയുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ശ്രീ. അഹമ്മദ് സഭയ്ക്കകത്ത് അദ്ദേഹത്തിന്റെ സീറ്റിലിരിക്കുന്ന സ്ഥലത്തു ചെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഇത് പറഞ്ഞത്. വാസ്തവത്തിൽ അദ്ദേഹം ഇതു മാത്രമല്ല പറഞ്ഞത്. ഇതിന്റെകൂടെ ഇത് കണ്ണൂരല്ല, തിരുവനന്തപുരമാണെന്നുകൂടി പറയുകയുണ്ടായി. അതേമാതിരിതന്നെ കഴിഞ്ഞ ദിവസം വാക്കേറ്റമുണ്ടായ സമയത്ത് എന്റെ നേരേയും ആരോഗ്യമന്ത്രി ചില വാക്കുകൾ പ്രയോഗിക്കുകയുണ്ടായി. ഇതിനൊരു നിവാരണമുണ്ടാക്കിയില്ലെങ്കിൽ ഇതേസംബന്ധിച്ച് ഞങ്ങൾക്ക് ഗൗരവതരമായി ആലോചിക്കേണ്ടിവരും. അതുകൊണ്ട് ഇതിനൊരു നിവാരണമുണ്ടാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ് : ഞാൻ ഇന്നു രാവിലെ സഭ തുടങ്ങുന്നതിനു മുൻപ് ഇവിടെ വന്നിരിക്കുകയായിരുന്നു, ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി എന്റെ അടുക്കൽ വന്നു പറഞ്ഞു. കുറേ നാളായല്ലോ അഹമ്മദ് കസറുന്നു എന്ന്. ഞാൻ ഒന്നും പറഞ്ഞില്ല. പിന്നെ പറഞ്ഞു. ഇത് അത്ര നല്ലതല്ല എന്ന്. ഞാൻ പറഞ്ഞു, അത് ഞാൻ തീർച്ചപ്പെടുത്തിക്കൊള്ളാമെന്ന്. പിന്നെ പറഞ്ഞു, ഇത് കണ്ണൂരല്ല തിരുവനന്തപുരമാണെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പഠിച്ച സ്ഥലമാണ് തിരുവനന്തപുരമെന്ന് ഞാനും മറുപടി പറഞ്ഞു. കുറച്ചു ഉറക്കെ പറഞ്ഞതുകൊണ്ട് ഇതെല്ലാം പത്രപ്രതിനിധികളും കേട്ടിരിക്കുമെന്നാണ് തോന്നുന്നത്. ഒരു മന്ത്രി ഒരു സഭാംഗത്തോട് സഭയിലായാലും, അല്ലെങ്കിലും ഇങ്ങനെ പറയാൻ പാടില്ലാത്തതാണെന്ന് എല്ലാവർക്കും അറിയാം. ശ്രീ. വെല്ലിംഗ്ടന്റെ മാനസികാവസ്ഥ എല്ലാവർക്കും മനസ്സിലാകുന്ന പരിതസ്തിയിലായതുകൊണ്ട് ഞാൻ ഇത് ഉന്നയിച്ചില്ല എന്നേയുള്ളൂ. മന്ത്രിസ്ഥാനം വഹിക്കുന്ന ഒരു മന്ത്രി ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു അംഗത്തോട് ഇങ്ങനെ പ്രത്യക്ഷമായോ പരോക്ഷമായോ ഭീഷണി പ്രയോഗിച്ചത് നന്നായില്ല എന്നുള്ള അഭിപ്രായം എനിക്കുണ്ട്. ഏതായാലും സഭാനേതാവ് ഈ കാര്യം അറിഞ്ഞിരിക്കേണ്ടതാണ്. 'നാറുന്നവനെ പേറിയാൽ പേറുന്നവനും നാറും' എന്നുള്ള കാര്യം ഓർത്തിരുന്നാൽ നന്ന്.

ശ്രീമതി കെ. ആർ. ഗൗരി : സർ, അത് പിൻവലിക്കാൻ പറയണം.

ശ്രീ. കെ. എം. ജോർജ്ജ് : അത് സഭ്യമായ വാക്കുതന്നെയാണ്.

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ): എന്റെ സ്നേഹിതൻ ശ്രീ. അഹമ്മദ് ഈ രീതിയിൽ കാണുമെന്നു ഞാൻ കരുതിയില്ല. ഞാനും അഹമ്മദും സ്നേഹിതൻമാരാണ്. എന്താണ് അഹമ്മദ് ഈയ്യിടെയായിട്ട് ഇങ്ങനെയൊക്കെ എന്നു ചോദിച്ചത് ശരിയാണ്, അദ്ദേഹത്തെ വേദനിപ്പിക്കാനോ ഭീഷണിപ്പെടുത്താനോ ഉള്ള ചിന്തയോടുകൂടിയല്ല ഞാൻ അങ്ങനെ പറഞ്ഞത്. ഞാൻ വന്നപ്പോഴും ശ്രീ. അഹമ്മദ് മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളൂ. ശ്രീ. അഹമ്മദിനെ കണ്ടപ്പോഴും അദ്ദേഹവുമായി ഒന്നു സംസാരിക്കാമെന്നുള്ളതിൽ കവിഞ്ഞ് പല മെമ്പറൻമാരും ധരിക്കുന്നതുപോലെ ശ്രീ. അഹമ്മദിനെ ഭീഷണിപ്പെടുത്തി അദ്ദേഹത്തിന്റെ രാഷ്ട്രീയാഭിപ്രായങ്ങളും മാറ്റിക്കളയാമെന്നുള്ള വ്യാമോഹത്തോടുകൂടിയല്ല ഞാൻ സംസാരിച്ചത്.

ശ്രീ. കെ. കരുണാകരൻ : ഇനി വിശദീകരണം കേൾക്കേണ്ട.

ശ്രീ. വെല്ലിംഗ്ടൺ : ഞാൻ പറയുന്നതൊന്നു കേൾക്കണം.

ശ്രീ. ബേബി ജോൺ : കണ്ണൂരല്ല, തിരുവനന്തപുരമാണെന്നു പറഞ്ഞത് ഈ രീതിയിലാണോ ?

ശ്രീ. ബി. മാധവൻ നായർ : തിരുവനന്തപുരത്തുകാർ സി.പി. യെയൊക്കെ കണ്ടവരാണ്. അതുകൊണ്ട് തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം പഠിപ്പിക്കേണ്ട കാര്യമില്ല.

ശ്രീ. ഇ. ജോൺ ജേക്കബ് : മന്ത്രി ക്ഷമ ചോദിക്കണം.

ഡെപ്യൂട്ടി സ്പീക്കർ : ഇത് മനപ്പൂർവ്വമല്ലെന്നു മന്ത്രി ഈ സഭയിൽ പരസ്യമായി പറഞ്ഞുകഴിഞ്ഞാൽ പിന്നെ അതേക്കുറിച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. കരുണാകരൻ : സാധാരണഗതിയിൽ ഈ സഭയോട് വിശ്വാസമുള്ള, അന്തസ്സുള്ള ഒരു മന്ത്രിയാണ് പറഞ്ഞിരുന്നെങ്കിൽ അത് ശരിയാണ്.

(ഈ സമയം ശ്രീ. പി. കെ. കുഞ്ഞച്ചനും, ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യരും ചോദ്യങ്ങളുമായി ചാടിയെണീറ്റു. അന്തസ്സിന്റെ കാര്യമൊന്നും ആരും പറയേണ്ട എന്നു വിളിച്ചുപറഞ്ഞ് ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു).

LIBRARY ARCHIVES Kerala Legislative Assembly